**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1803** **12-09-2023 - ൽ മറുപടിയ്ക്ക്**

**വ്യാജ ഡിഗ്രി നൽകുന്ന സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ത്രിവത്സര ഡിഗ്രി 6 മാസം മുതൽ 2 വർഷം കൊണ്ട് നൽകാമെന്ന് വാഗ്ദാനം നൽകി ഫാസ്റ്റ് ട്രാക്ക്- ക്രെഡിറ്റ് ട്രാൻസ്ഫർ തുടങ്ങിയ പദങ്ങൾ ദുരുപയോഗം ചെയ്ത് വിദ്യാർത്ഥികളെ വഞ്ചിക്കുന്ന ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ ആഭ്യന്തരവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | വ്യക്തിഗത പരാതി ലഭിയ്ക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുവാൻ ആഭ്യന്തര വകുപ്പിന് കൈമാറാവുന്നതാണ്. |
| (സി) | വ്യാജ ഡിഗ്രി, പി.ജി, പി. എച്ച്. ഡി. തുടങ്ങിയ വിഷയങ്ങളിൽ ഇടപെടുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | (സി) | സർവ്വകലാശാലകളിൽ നിന്നും നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ വ്യാജ പകർപ്പ് നിർമ്മിക്കുന്നത് തടയാൻ ബാർകോഡ്, എംബോസ്ഡ് ഹോളോഗ്രാം, വാട്ടർമാർക്ക്, വിപരീത മൈക്രോ ലൈൻ, ബാർകോഡിംഗ് എന്നിവയുൾപ്പെടെയുള്ള രഹസ്യാത്മക സുരക്ഷാ സവിശേഷതകൾ ഉൾക്കൊള്ളിക്കുകയും തുടർ പരിശോധനയ്ക്കുവേണ്ടി ഡിജിലോക്കറിൽ ലഭ്യമാക്കുകയും ചെയ്യുന്നു. ഡിഗ്രി, പി.ജി, പിഎച്ച്.ഡി എന്നീ ഡിഗ്രി സർട്ടിഫിക്കറ്റുകൾ പരിശോധനയിൽ വ്യാജമാണെന്ന് കണ്ടെത്തിയാൽ പോലീസ് കേസ് ഫയൽ ചെയ്യുകയും രേഖകൾ വിജിലൻസിലേക്കു കൈമാറുകയും ചെയ്യുന്നതിനുള്ള നടപടികൾ സർവ്വകലാശാലകൾ സ്വീകരിക്കാറുണ്ട്. മറ്റു സർവ്വകലാശാലകളിൽ നിന്നും നേടുന്ന ബിരുദ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതി നായി Genuineness Verification Cell ന്റെ രൂപീകരണം സർവ്വകലാശാലകളിൽ നടന്നുവരികയാണ്. സർട്ടിഫിക്കറ്റുകൾ ജനുവിൻനെസ് വെരിഫിക്കേഷന് ലഭ്യമാവുമ്പോൾ അവയുടെ ആധികാരികത പരിശോധിച്ച് വ്യാജമാണെന്ന് കണ്ടെത്തുന്ന പക്ഷം നിയമപരമായ തുടർനടപടികൾ സർവ്വകലാശാലകൾ സ്വീകരിക്കാറുണ്ട്. ഫോളിയോ നമ്പറും തീയതിയും രേഖപ്പെടുത്തിയാണ് പി. എച്ച് ഡി |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റ് നൽകുന്നത്. അവ അവാർഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പ്രസ്തുത രേഖകൾ പരിശോധിച്ചതിനുശേഷമാണ് സർട്ടിഫിക്കറ്റിന്റെ ആധികാരികത സംബന്ധിച്ച വിവരം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നത്. |

സെക്ഷൻ ഓഫീസർ